1) **29.11.2017 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 487-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. എം. സ്വരാജ്, ബഹു. എം.എൽ.എ., തൃപ്പൂണിത്തുറ.
3) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി.
4) ശ്രീമതി. അനൂജ എ.എസ്., സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
5) ശ്രീ. സാബു എം.റ്റി., എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും, പൊതുമരാമത്ത് വകുപ്പ്.
6) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 156/2017-18**

*19.10.2017 ൽ കൂടിയ 486-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

19.10.*2017*-ൽ കൂടിയ 486-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 157/2017-18**

*26.09.2017-ൽ കൂടിയ 485-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

26.09.2017-ൽ കൂടിയ 485-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**3. തീരുമാനം നമ്പർ 158/2017-18**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - കലൂർ ജെ.എൻ.ഐ. സ്റ്റേഡിയത്തിലെ കടമുറികൾ/ഫിഫ അണ്ടർ-17 മത്സരങ്ങളുടെ ഭാഗമായി അടച്ചിട്ട കാലയളവിലെ വാടകയിളവ് നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി-17/410/ജെ.എൻ.ഐ.എസ്./ജി.സി.ഡി.എ)*

കലൂർ ജെ.എൻ.ഐ.എസ്.-ലെ കടമുറികൾക്ക് ഫിഫ അണ്ടർ-17 മത്സരങ്ങളുടെ ഭാഗമായി അടച്ചിട്ട കാലയളവിലെ വാടകയിളവ് നൽകുന്നത് സംബന്ധിച്ച് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1) 25.09.2017 മുതൽ താക്കോൽ കൈപ്പറ്റിയ തീയതി വരെ വാടകയിളവ് നൽകാം.
2) ഇനിയും താക്കോൽ കൈപ്പറ്റാത്തവരുടെ കാര്യത്തിൽ നോട്ടീസ് നൽകി എഗ്രിമെന്റ് ക്യാൻസൽ ചെയ്യാം.

**4. തീരുമാനം നമ്പർ 159/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - അതോറിറ്റിയിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ മേൽ നോട്ടത്തിനായി സാങ്കേതികാനുമതി കമ്മറ്റി രൂപീകരിക്കുന്നത് - സംബന്ധിച്ച്. (നം. 8082/ഇ.1/2017/ജി.സി.ഡി.എ)*

അതോറിറ്റിയിൽ നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ നിയമനം നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ മുനിസിപ്പൽ കോർപ്പറേഷൻ, പൊതുമരാമത്ത് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും വിരമിച്ച നിശ്ചിത യോഗ്യതയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഒരു പാനൽ കമ്മിറ്റി രൂപീകരിച്ച് അതോറിറ്റിയിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും 21.11.2014-ലെ സർക്കാർ ഉത്തരവ് നമ്പർ 3033/14/തസ്വഭവ പ്രകാരമുള്ള ഫീസ്/ഓണറേറിയം നൽകുന്നതിനും തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 160/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - +121.98 ലെവലിൽ പുതിയതായി ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നത് - അധിക ഇനങ്ങളുടെ സാധൂകരണം - സംബന്ധിച്ച്. (നം. ഇ.2/2480/2017/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 നോട് ബന്ധപ്പെട്ട് +121.98 ലെവലിൽ പുതിയതായി ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ അധിക ഇനങ്ങൾ ഉൾപ്പെടുത്തി ചെയ്തതും അളവിൽ വർദ്ധനവ് ഉണ്ടായത് മൂലം എസ്റ്റിമേറ്റ് തുക 68,55,764/- രൂപയായി റിവൈസ് ചെയ്ത നടപടിയും സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 161/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം കലൂർ ഫിഫ വേൾഡ് കപ്പിന് മുന്നോടിയായി മീഡിയ ട്രൈബ്യൂണലിൽ മേശയും കസേരയും വാങ്ങിയത് - സംബന്ധിച്ച്. (നം. ഇ.2/5907/2017/ജി.സി.ഡി.എ)*

കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ വേൾഡ് കപ്പിനോട് അനുബന്ധിച്ച് മീഡിയ ട്രൈബ്യൂണലിന് വേണ്ടി 18 മേശകൾ ജി.എസ്.ടി. അടക്കം 3,23,832/- രൂപയ്ക്കും 80

കസേരകൾ ഡയറക്ട് പർച്ചേസ് മുഖേന 93,280/- രൂപയ്ക്കും വാങ്ങിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 162/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - കലൂർ ജെ.എൻ.ഐ. സ്റ്റേഡിയം - സ്പേസ് നമ്പർ ജി-3102 - ശ്രീ. വി.ബി. ഉണ്ണികൃഷ്ണന് അനുവദിച്ച് നൽകിയിട്ടുള്ളത് - സംബന്ധിച്ച്. (നം. 544/എസ്റ്റേറ്റ്/ബി-2/2015/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം 28.01.2015-ലെ ടെണ്ടർ/ലേലത്തിൽ കലൂർ ജെ.എൻ.ഐ.എസ്.-ലെ ജി-3102 മുറിക്ക് വേണ്ടി ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത മെ. എസ്റ്റീം ഡവലപ്പേഴ്സിൽ നിന്ന് കൈമാറ്റം ചെയ്ത് ശ്രീ. വി.ബി. ഉണ്ണികൃഷ്ണൻ എന്നയാൾക്ക് അനുവദിച്ച് കരാർ വയ്പ്പിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 163/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അണ്ടർ-17 - ജെ.എൻ.ഐ. സ്റ്റേഡിയം കലൂർ - ടവർ A/c സ്ഥാപിച്ച പ്രവർത്തി സാധൂകരണം - സംബന്ധിച്ച്. (നം. ഇ.2/4434/2017/ജി.സി.ഡി.എ)*

കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിന് മുന്നൊരുക്കമായി കോംപറ്റീഷൻ ഏരിയയിൽ ടവർ A/c സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി നടത്തിയ റീടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s. B Star-ന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിനും എസ്റ്റിമേറ്റ് അംഗീകരിച്ച നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 164/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കാക്കനാട് പാറക്കുളം വൃത്തിയാക്കുന്നതിന് അതോറിറ്റി ഫണ്ടിൽ നിന്നും തുക അനുവദിച്ചത് - സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. 7782/ഇ.1/2009/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കാക്കനാട് സിവിൽ സ്റ്റേഷൻ പരിസരത്തുള്ളതും ജിസിഡിഎ വക കാക്കനാട് സ്റ്റുഡിയോ അപ്പാർട്ട്മെന്റിന്റെ മുമ്പിലുള്ളതുമായ സർക്കാർ വക ഭൂമിയിലെ പാറക്കുളം മാലിന്യം നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് അതോറിറ്റി ഫണ്ടിൽ നിന്നും ജില്ലാ ഭരണകൂടത്തിന് 50,000/- രൂപ അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 165/2017-18**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - വിവിധ മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സ്കാനിംഗ്, പ്രിന്റിംഗ്, ജംബോകോപ്പി എന്നിവയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചത് - സംബന്ധിച്ച്. (നം. 4486/പി.എൽ.1/2005/ജി.സി.ഡി.എ)*

അതോറിറ്റിയിലെ വിവിധ മാപ്പുകളുടെ ഡിജിറ്റലൈസേഷൻ, സ്കാനിംഗ് പ്രിന്റിംഗ് ജംബോ കോപ്പി മുതലായ ജോലികൾ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെ. സ്പ്രെഡ്സ് കാഡിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 166/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം ഫിഫ അണ്ടർ-17 വേൾഡ് കപ്പിനോട് അനുബന്ധിച്ച് ടോയ്ലറ്റ് പ്ലംബിംഗ് ലൈൻ സംബന്ധിച്ച് അധിക ഇനങ്ങളും റിവൈസ്ഡ് എസ്റ്റിമേറ്റ് സാധൂകരണം - സംബന്ധിച്ച്. (നം. ഇ.2/2674/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിനോടനുബന്ധിച്ച് ടോയ്ലറ്റ്, പ്ലംബിംഗ് ലൈൻ നവീകരണ പ്രവൃത്തിയിൽ അധിക ഇനങ്ങൾ ചെയ്ത നടപടി സാധൂകരിക്കുന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 167/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - DSR 2016 നിരക്ക് അതോറിറ്റി വർക്കുകൾക്ക് ബാധകമാക്കുന്നത് - സംബന്ധിച്ച്. (നം. ഇ.1/8330/2017/ജി.സി.ഡി.എ)*

അതോറിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗം പൊതുമരാമത്ത് പണികൾക്ക് DSR 2016 പ്രകാരമുള്ള നിരക്കുകൾ ബാധകമാക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 168/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് മൈതാനം - 14000 Sq.Ft. സ്ഥലം കുടുംബശ്രീ യൂണിറ്റുകൾക്കായി എക്സിബിഷൻ നടത്തുന്നതിന് കൊച്ചി മുൻസിപ്പൽ കോർപ്പറേഷന് അനുവദിക്കുന്നത് - സംബന്ധിച്ച്. (നം. 6461/എസ്റ്റേറ്റ്/എ.3/2017/ജി.സി.ഡി.എ)*

കൊച്ചി നഗരസഭ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകളുടെ എക്സിബിഷൻ നടത്തുന്നതിന് മറൈൻ ഡ്രൈവ് മൈതാനിയിൽ 14000 Sq.Ft. സ്ഥലം 13.12.2017 മുതൽ 27.12.2017 വരെ അനുവദിക്കുന്നതിനും ടി പദ്ധതി പ്ലാൻ ഫണ്ട്

ഉപയോഗിച്ച് നടപ്പിലാക്കുന്നതിനാൽ ബില്ല് ട്രഷറിയിൽ സമർപ്പിച്ചതിന് ശേഷം അതോറിറ്റിയിൽ നിന്നും ആവശ്യപ്പെട്ട തുക നൽകുന്നതാണെന്നും ഡവലപ്പ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഉറപ്പ് നൽകിയ പ്രകാരം അനുമതി നൽകുന്നതിനും വാടക അടവാക്കുന്നതുവരെ 12% പലിശ ഈടാക്കുന്നതിനും തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 169/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - 2016-17 ബഡ്ജറ്റ് മറൈൻ ഡ്രൈവ് സൗന്ദര്യ വൽക്കരണം - സംബന്ധിച്ച്.*
*(നം. ഇ.3/366/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം 2016-17 ബഡ്ജറ്റിലെ പദ്ധതിയായ മറൈൻ ഡ്രൈവ് സൗന്ദര്യ വൽക്കരണ പ്രവൃത്തിയ്ക്കായി 30.10.2017-ൽ ടെണ്ടർ ക്ഷണിച്ച നടപടി സാധൂകരിക്കുന്നതിനും ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. പ്രിൻസ് ടി.ആന്റണിക്ക് വർക്ക് ഓർഡർ നൽകുന്നതിനും തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 170/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അണ്ടർ-17 ലോകകപ്പ് കലൂർ ജെ.എൻ.ഐ. സ്റ്റേഡിയം പ്രവേശന റോഡിന്റെയും റിംഗ് റോഡിന്റെയും ബി.എം.ബി.സി. പ്രവർത്തികൾ അളവുകൾ അധികരിച്ചത് - സംബന്ധിച്ച്.*
*(നം. ഇ.2/1190/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 ലോക കപ്പിന് മുന്നോടിയായി പ്രവേശന റോഡിന്റെയും റിംഗ് റോഡിന്റെയും ബി.എം.ബി.സി. പ്രവൃത്തി ചെയ്തുവരവെ പ്രതികൂല സാഹചര്യം മൂലം പ്രവൃത്തി ചെയ്യാനാവാതെ വന്ന സാഹചര്യത്തിൽ TOC നീട്ടിക്കൊടുത്ത നടപടി സാധൂകരിക്കുന്നതിനും റോഡിന്റെ Undulations Clear ചെയ്തതിൽ 10% ൽ കുറവ് ആയ അധികം അളവ് ചെയ്ത നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 171/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം കലൂർ സ്റ്റേഡിയത്തിലുള്ള രണ്ട് 750KVA ജനറേറ്ററുകളുടെ മെയിന്റനൻസ് അനുബന്ധ പ്രവർത്തികൾ ചെയ്തത് സാധൂകരണം - സംബന്ധിച്ച്. (നം. ഇ.2/2669/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ഫിഫ അണ്ടർ-17 വേൾഡ് കപ്പിന് മുന്നോടിയായി കലൂർ ജെ.എൻ.ഐ.എസ്.-ലുള്ള രണ്ട് 750 KVA ജനറേറ്ററുകളുടെ

മെയിന്റൻസ്/Overhauling പ്രവൃത്തി M/s. KEL-നെക്കൊണ്ട് നടത്തിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 172/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം ഫിഫ അണ്ടർ-17 ലോക കപ്പ് - കോംപറ്റീഷൻ ഏരിയയുടെ നവീകരണ പ്രവർത്തികൾ - റിവൈസ്ഡ് എസ്റ്റിമേറ്റ് സാധൂകരണം - സംബന്ധിച്ച്.*
*(നം. ഇ.2/1368/2016/ജി.സി.ഡി.എ)*

വിഷയം മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 173/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ സ്റ്റേഡിയം - കോംപറ്റീഷൻ ഏരിയയിലുള്ള വാട്ടർ പ്രൂഫിംഗ് പ്രവർത്തി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നത് - സംബന്ധിച്ച്.*
*(നം. ഇ.2/4970/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 ലോകകപ്പിനോടനുബന്ധിച്ച് കോംപറ്റീഷൻ ഏരിയയിലുള്ള വാട്ടർ പ്രൂഫിംഗ് പ്രവർത്തിയിൽ അധികം ഇനം ഉൾപ്പെടുത്തി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പ്രവർത്തി ചെയ്ത നടപടി സാധൂകരിക്കുന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 174/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം കലൂർ - പ്ലേയേഴ്സ് എൻട്രിയിൽ ഡോറുകൾ സ്ഥാപിക്കുന്നത് - സംബന്ധിച്ച്.*
*(നം. ഇ.2/5484/2017/ജി.സി.ഡി.എ)*

കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 നോട് അനുബന്ധിച്ച് കോംപറ്റീഷൻ ഏരിയയിലെ നവീകരണ പ്രവൃത്തിയിൽ പ്ലേയേഴ്സ് എൻട്രിയിൽ ഗ്ലാസ്സ് ഡോറുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൾ നാസറിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 175/2017–18**

*ജി.സി.ഡി.എ. – പൊതുഭരണ വിഭാഗം – ശ്രീ. സുധീഷ് എസ്., ക്ലർക്കിന്റെ ചികിത്സാ ചെലവ് മടക്കി നൽകുന്നത് – സംബന്ധിച്ച്.*
*(നം. 7003/ജി.2/2017/ജി.സി.ഡി.എ)*

അതോറിറ്റിയിലെ ക്ലർക്ക് ശ്രീ. സുധീഷ് എസ്.-ന് ടിയാന്റെ ചികിത്സാ ചെലവിനത്തിൽ 25.10.2017-ലെ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള കത്ത് പ്രകാരം 26,759/- രൂപ റീഇമ്പേഴ്സ് ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**21. തീരുമാനം നമ്പർ 176/2017–18**

*ജി.സി.ഡി.എ. – ധനകാര്യ വിഭാഗം – ടാക്സ് ഓഡിറ്റിംഗ്, ആദായ നികുതി റിട്ടേൺ ഫയലിംഗ് AY 2017-18 തുക അനുവദിച്ച് നൽകിയത് – സംബന്ധിച്ച്.*
*(നം. 3923/എഫ്.ബി.1/2017/ജി.സി.ഡി.എ)*

അതോറിറ്റിയിലെ AY 2017-18 ലേക്കുള്ള ടാക്സ് ഓഡിറ്റിംഗ്, ആദായ നികുതി റിട്ടേൺ ഫയലിംഗ് തുടങ്ങിയ പ്രവൃത്തികൾ നിർവ്വഹിച്ചതിന് ചാർട്ടേഡ് അക്കൗണ്ടന്റ് M//s. A.A. Menon & Associates എന്ന സ്ഥാപനത്തിന് ജി.എസ്.ടി. അടക്കം 53,100/- രൂപ അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**22. തീരുമാനം നമ്പർ 177/2017–18**

*ജി.സി.ഡി.എ. – റവന്യൂ ക്ലോസിംഗ് സെൽ – നിരാക്ഷേപ പത്രം നൽകിയ നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച്.*
*(നം. സി.11/റവന്യൂ സി.സി./8521/ടി.കെ.സി./ജി.സി.ഡി.എ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ വീട് നമ്പർ 170 പരേതയായ ലക്ഷ്മിയുടെ മകനായ ശ്രീ. എ.എൻ. ഗോവിന്ദന്റെ അപേക്ഷ പരിഗണിച്ച് വീടിന്റെ ആധാരം തമ്മനം സർവ്വീസ് ബാങ്കിൽ പണയപ്പെടുത്തി ലോൺ എടുക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**23. തീരുമാനം നമ്പർ 178/2017–18**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരം കാക്കനാട് ഷോപ്പിംഗ് കോംപ്ലക്സിലെ, കേസിനുപോയ 8 കടമുറികളുടെ വാടക നിശ്ചയിക്കുന്നത് – സംബന്ധിച്ച്. (നം. 1813/സി.19/IX-389/KKD/ജി.സി.ഡി.എ)*

ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത കാക്കനാട് ഷോപ്പിംഗ് കോംപ്ലക്സിലെ 8 കടമുറികളുടെ വാടക കുറയ്ക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**24. തീരുമാനം നമ്പർ 179/2017-18**

*ജി.സി.ഡി.എ. - റവന്യൂ സി.സി. - നിരാക്ഷേപ പത്രം നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.*
*(നം.സി.11/റവന്യൂസി.സി./7842/ടി.കെ.സി.-24/ജി.സി.ഡി.എ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ 24-ാം നമ്പർ വീട് പരേതനായ കെ.എം. ജോർജ്ജിന്റെ മകനായ ശ്രീ. എൻ.ജി. രാജുവിന്റെ പേരിലേയ്ക്ക് മാറ്റുന്നതിന് നിരാക്ഷേപ പത്രം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**25. തീരുമാനം നമ്പർ 180/2017-18**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - ആർക്കിടെക്ട് പാനൽ തയ്യാറാക്കുന്നത് - സംബന്ധിച്ച്. (നം. 2991/പി.എൽ.2/2008/ജി.സി.ഡി.എ)*

അതോറിറ്റിയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആർക്കിടെക്ടിന്റെ സേവനം ലഭ്യമാക്കുന്നതിനായി പാനൽ രൂപീകരിക്കുന്നതിന് വീണ്ടും ക്വട്ടേഷൻ ക്ഷണിക്കുന്നതിനും അതിന് ശേഷം പാനൽ രൂപീകരിക്കുമ്പോൾ ഇന്റഗ്രൽ സൊല്യൂഷൻസിനെ കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**26. തീരുമാനം നമ്പർ 181/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അണ്ടർ-17 വേൾഡ് കപ്പ് - മെ. ആക്സിസ് എലിവേറ്റേഴ്സിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. ഇ.2/4832/2017/ജി.സി.ഡി.എ)*

കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിന് മുന്നോടിയായി ലിഫ്റ്റുകൾ പ്രവർത്തന സജ്ജമാക്കേണ്ടതിനാൽ ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെ. ആക്സിസ് എലിവേറ്റേഴ്സിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**27. തീരുമാനം നമ്പർ 182/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം ഫിഫ അണ്ടർ-17 ലോകകപ്പ് - കളിക്കളത്തിൽ പുല്ല് വച്ച് പിടിപ്പിച്ച പ്രവർത്തി - റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരം സാധൂകരണം - സംബന്ധിച്ച്.*
*(നം. ഇ.2/2655/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 ലോകകപ്പിന് മുന്നോടിയായി കളിക്കളത്തിൽ പുല്ല് വച്ച് പിടിപ്പിച്ച പ്രവൃത്തിയിൽ വ്യതിയാനങ്ങൾ ഉൾപ്പെടുത്തി കൺസൾട്ടന്റ് തയ്യാറാക്കിയ 2,59,00,000/- രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**28. തീരുമാനം നമ്പർ 183/2017-18**

*ജി.സി.ഡി.എ. - പൊതുഭരണ വിഭാഗം - 01.12.2017 മുതൽ 30.11.2018 വരെ പരസ്യ ഏജൻസിയെ നിയമിച്ച് കരാർ വയ്ക്കുന്നത് - സംബന്ധിച്ച്.*
*(നം. 8618/ജി.1/2017/ജി.സി.ഡി.എ)*

അതോറിറ്റിയിൽ 01.12.2017 മുതൽ 30.11.2018 വരെയുള്ള കാലയളവിലേയ്ക്ക് പരസ്യ ഏജൻസിയെ നിയമിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കൂടുതൽ ട്രേഡ് ഡിസ്കൗണ്ട് ഓഫർ നൽകിയിരിക്കുന്ന മെ. ഐ.റ്റി.എൽ. കമ്മ്യൂണിക്കേഷൻസിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചു.

**29. തീരുമാനം നമ്പർ 184/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അണ്ടർ-17 ലോകകപ്പ് കലൂർ സ്റ്റേഡിയത്തിന് പടിഞ്ഞാറുവശത്തുള്ള വി.ഐ.പി. റോഡിന് സമീപമുള്ള അക്രിഡിഷൻ സെന്ററിന്റെ ടോയ്ലറ്റ് സ്റ്റോർ റൂം പ്രവർത്തികൾക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നത് - സംബന്ധിച്ച്.*
*(നം. ഇ.2/4630/2017/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 ലോകകപ്പിന് മുന്നോടിയായി സ്റ്റേഡിയത്തിന് പടിഞ്ഞാറുവശത്തുള്ള വി.ഐ.പി. റോഡിന് സമീപം അക്രിഡിഷൻ സെന്റർ, ടോയ്ലറ്റ്, സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണ പ്രവൃത്തിയിൽ ചില ഇനങ്ങളിൽ വ്യതിയാനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>30. തീരുമാനം നമ്പർ 185/2017-18</u>**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - ഭൂമി പതിവുമായി ബന്ധപ്പെട്ട് കുന്നത്തുനാട് താലൂക്ക് ഓഫീസിൽ നിന്നുമുള്ള കത്തുകൾ - സംബന്ധിച്ച്.*
*(നം. 6049/പി.എൽ.1/2015/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കുന്നത്തുനാട് താലൂക്കിലെ പെരുമ്പാവൂർ, ചേലാമറ്റം വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലങ്ങൾ അപേക്ഷകർക്ക് പതിച്ച് നൽകുന്നതിന് കുന്നത്തുനാട് തഹസീൽദാരുടെ അപേക്ഷ പരിഗണിച്ച് NOC നൽകുന്നതിന് തീരുമാനിച്ചു.

**<u>31. തീരുമാനം നമ്പർ 186/2017-18</u>**

*ജി.സി.ഡി.എ. - പൊതുഭരണ വിഭാഗം - ശ്രീ. മനോജ് ടി.കെ., എൽ.ഡി. ടൈപ്പിസ്റ്റിന് ചികിത്സാ ചെലവ് മടക്കി നൽകുന്നത് - സംബന്ധിച്ച്.*
*(നം. 4757/ജി-2/2017/ജി.സി.ഡി.എ)*

അതോറിറ്റിയിലെ എൽ.ഡി. ടൈപ്പിസ്റ്റ് ശ്രീ. മനോജ് ടി.കെ.യ്ക്ക് ടിയാന്റെ മകന്റെ ചികിത്സാ ചെലവിനത്തിൽ 06.10.2017-ലെ ജില്ലാ മെഡിക്കൽ ഓഫീസർ ഓഫീസിൽ നിന്നുള്ള കത്ത് പ്രകാരം 22,677/- രൂപ റീഇമ്പേഴ്സ് ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**<u>32. തീരുമാനം നമ്പർ 187/2017-18</u>**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം ഫിഫ അണ്ടർ-17 ലോകകപ്പ് സ്റ്റേഡിയത്തിന്റെ കിഴക്കും പടിഞ്ഞാറു വശത്തുള്ള ഗ്രൗണ്ട് ലെവൽ ചെയ്ത് പാർക്കിംഗ് സജ്ജമാക്കുന്നത് 2016 ഡി.എസ്.ആർ. നിരക്ക് പരിഗണിച്ച് പേയ്മെന്റ് നടത്തണമോ എന്നത് - സംബന്ധിച്ച്.*
*(നം. ഇ.2/5985/2017/ജി.സി.ഡി.എ)*

കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 നോട് അനുബന്ധിച്ച് സ്റ്റേഡിയത്തിന്റെ കിഴക്കും പടിഞ്ഞാറ് വശത്തുമുള്ള ഗ്രൗണ്ട് ലെവൽ ചെയ്ത് പാർക്കിംഗ് സജ്ജമാക്കുന്ന പ്രവൃത്തിക്ക് എഗ്രിമെന്റ് പ്രകാരമുള്ള നിരക്ക് (2014 DSR) പരിഗണിച്ച് പേയ്മെന്റ് നടത്തുന്നതിന് തീരുമാനിച്ചു.

**<u>33. തീരുമാനം നമ്പർ 188/2017-18</u>**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക ഹോളിഡേ വെൻച്ചറിന് മുൻവശം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരുക്കുന്നതിന് 10.10.2017-ൽ നടത്തിയ ടെണ്ടർ/ലേലം അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്. (നം. 7193/എസ്റ്റേറ്റ്/ബി-3/2017/ജി.സി.ഡി.എ)*

അതോറിറ്റി വക ഹോളിഡേ വെൻച്വറിന് മുൻവശം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 10.10.2017-ൽ നടത്തിയ ടെണ്ടർ/ലേലത്തിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത ആൾ പിൻമാറുകയും രണ്ടാം ബിഡ്ഡറും ടി ഏരിയയുടെ അടുത്തുള്ള ഏരിയയുടെ കരാറുകാരനുമായ ശ്രീ. വി.ബി. ഉണ്ണികൃഷ്ണന് ടി കരാർ കലാവധി കഴിയുന്നതുവരെ (01.11.2017 - 31.03.2018 വരെ മാത്രം) ടെണ്ടർകൊണ്ട തുകയ്ക്ക് ആനുപാതികമായ തുകയ്ക്ക് പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം നൽകുന്നതിനും ആയതിന് ശേഷം രണ്ട് ഏരിയകളും കൂടി ഒരുമിച്ച് ടെണ്ടർ ചെയ്ത് നൽകുന്നതിനും സ്വീകരിച്ച നടപടികൾ സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

യോഗം 4.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)<br>ചെയർമാൻ<br>വിശാല കൊച്ചി വികസന അതോറിറ്റി